കോടതിയുടെ പരിഗണനയിലിരിക്കേ പിൻവലിച്ച കേസ്സുകൾ

32 [806] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോടതിയുടെ പരിഗണനയിലുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കോടതികളുടെ അനുവാദത്തിനു വിധേയമായും, സി.ആർ.പി.സി.321-ാം വകുപ്പ് പ്രകാരവും 31-1-2005 വരെ 2208 കേസുകൾ പിൻവലിക്കുന്നതിന് സർക്കാരിന് വിരോധമില്ലെന്ന് കാണിച്ച് ബന്ധപ്പെട്ട കളക്ടർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി † ചേർക്കുന്നു.

കെട്ടിട നിർമ്മാണം തടസ്സപ്പെടുത്തിയതിനെതിരെ നടപടി

33 [807] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂരിലെ കുറുമണ്ടൽ യു.പി. സ്ക്കൂളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം പറവൂർ മുനിസിപ്പൽ ചെയർമാനും മുനിസിപ്പൽ എഞ്ചിനീയറും കൂടി തടസ്സപ്പെടുത്തിയതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തിയ കുറ്റക്കാരനായ മുനിസിപ്പൽ എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരസഭയുടെ അനുമതി വാങ്ങാതെയാണ് കെട്ടിട നിർമ്മാണം ആരംഭിച്ചത്. തന്നെയുമല്ല കെട്ടിടം പണിയുന്ന സ്ഥലം കല്ലുവെട്ടാം കുഴിയായി കിടന്നിരുന്നതും മുനിസിപ്പാലിറ്റിയുടെ 1999-2000 വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മണ്ണിട്ടു നികത്തി നിർമ്മിച്ചതുമായ സ്റ്റേഡിയത്തിലാണ്. ഇക്കാരണങ്ങളാലാണ് നിർമ്മാണം നിർത്തിവയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. പ്ലാനും അനുബന്ധ രേഖകളും ഹാജരാക്കി നഗരസഭയിൽ നിന്ന് അനുമതി വാങ്ങിയശേഷം നല്ല ഉറപ്പുള്ള സ്ഥലത്ത് മാത്രമേ കെട്ടിടം നിർമ്മിക്കാവൂ എന്ന് സെക്രട്ടറിസ്ട്രസിനെ അറിയിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ മുനിസിപ്പൽ അധികൃതർക്കെതിരെ നടപടി സ്വീകരിക്കേണ്ട ആവശ്യമില്ല.

† അനുബന്ധം-III

LIBRARY ARCHIVES Kerala Legislative Assembly